പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1293 — 03.12.2018 ൽ മറുപടിക്ക്

## പുള്ളിക്കട കോളനി സ്ഥിതിചെയ്യുന്ന റെയിൽവേ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ഈസ്റ്റ് വില്ലേജിൽ പുള്ളിക്കട കോളനി സ്ഥിതിചെയ്യുന്ന റെയിൽവേ വക ഭൂമി കോളനി നിവാസികളുടെ പുനരധിവാസത്തിനായി കൊല്ലം കോർപ്പറേഷന് വിട്ട് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;<br>(ബി) ഇതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) യും (ബി) യും കൊല്ലം പുള്ളിക്കടയിലെ ചേരി പുനരധിവാസത്തിലേക്കായി റെയിൽവേയുടെ കൈവശമുള്ള 4.068 ഏക്കർ ഭൂമി കൊല്ലം കോർപ്പറേഷന് കൈമാറുന്നത് സംബന്ധിച്ച ഒരു യോഗം **10.10.2018** ന് റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റെയിൽവേ ബോർഡ് അധികാരികളുമായി ചർച്ച ചെയ്യുന്നതിലേക്കാവശ്യമായ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് റെയിൽവേക്ക് ലഭ്യമാക്കിയിട്ടുണ്ട്. റെയിൽവേ അധികൃതരിൽ നിന്നും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ